**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3215** 13-07-2022 - ൽ മറുപടിയ്ക്ക്

**സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ സർക്കാർ സ്കൂളുകൾക്കും സുരക്ഷിതമായ കെട്ടിടങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുൻപായി സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങൾക്ക് അവ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട എഞ്ചിനീയർമാരിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടേണ്ടതുണ്ട്. ടി എഞ്ചിനീയർമാരുടെ പരിശോധനയ്ക്ക് ശേഷം പ്രസ്തുത സുരക്ഷാ സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങളിൽ മാത്രമേ സ്കൂൾ ക്ലാസ്സുകൾ പ്രവർത്തിക്കാവൂ എന്നും സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹച ര്യത്തിൽ പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നതിനായി ബദൽ സംവിധാനം ഒരുക്കേണ്ടതാണെ ന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.അടിയന്തര സാഹചര്യങ്ങളിൽ അതത് ജില്ലകളിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ സ്കൂളുകൾ സന്ദർശിച്ച് പരിശോധനകളും ആവശ്യമായനിർദ്ദേശങ്ങളും നൽകി വരുന്നു. കൂടാതെ, കിഫ്ബി മുഖേന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി കൾ നടക്കുമ്പോൾ അതിന്റെ ഗുണ നിലവാരം ഉറപ്പ് വരുത്തുന്നതിനായി പതിവ് പരിശോധനകളും തിരുത്തൽ നടപടിക്രമങ്ങളും 'Auto Lab / Quality Audit' എന്നിവയും നടത്തി വരുന്നു. ചെമ്പുച്ചിറ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടവും ഗുണനിലവാരവും ഉറപ്പാക്കുന്നതി നായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ M/s WAPCOS Ltd എന്ന കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | ഏജൻ സിയെയാണ് ചുമതലപ്പെടുത്തിയിരിയ്ക്കുന്നത്. |
| (ബി) | ചെമ്പൂച്ചിറയിൽ ഉൾപ്പെടെ നിരവധി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ അപാകതയും ക്രമക്കേടുകളും കണ്ടെത്തിയ സാഹചര്യത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുൻപായി സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങൾക്ക് അവ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട എഞ്ചിനീയർമാരിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടേണ്ട തുണ്ട്. ടി എഞ്ചിനീയർമാരുടെ പരിശോധനയ്ക്ക് ശേഷം പ്രസ്തുത സുരക്ഷാ സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങളിൽ മാത്രമേ സ്കൂൾ ക്ലാസ്സുകൾ പ്രവർത്തിക്കാവൂ എന്നും സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹച ര്യത്തിൽ പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നതിനായി ബദൽ സംവിധാനം ഒരുക്കേണ്ടതാണെ ന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.അടിയന്തര സാഹചര്യങ്ങളിൽ അതത് ജില്ലകളിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ സ്കൂളുകൾ സന്ദർശിച്ച് പരിശോധനകളും ആവശ്യമായ നിർദ്ദേശങ്ങളും നൽകി വരുന്നു. കൂടാതെ, കിഫ്ബി മുഖേന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി കൾ നടക്കുമ്പോൾ അതിന്റെ ഗുണ നിലവാരം ഉറപ്പ വരുത്തുന്നതിനായി പതിവ് പരിശോധനകളും തിരുത്തൽ നടപടിക്രമങ്ങളും ‘Auto Lab / Quality Audit’ എന്നിവയും നടത്തി വരുന്നു. ചെമ്പൂച്ചിറ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടവും ഗുണനിലവാരവും ഉറപ്പാക്കുന്നതി നായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ M/s WAPCOS Ltd എന്ന കേന്ദ്രസർക്കാർ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിയ്ക്കുന്നത്. |
| (സി) | നിലവിൽ ഏതെങ്കിലും ജില്ലയിൽ സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,ഇടുക്കി എന്നീ ജില്ലകളിൽ സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്ത് പൂർണ്ണമായോ, ഒരു ക്ലാസ് മുറിയെ |

| | | | |
|---|---|---|---|
| | | | ജില്ലമോ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റു ജില്ലകളിലെ സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>എറണാകുളം - 1<br><br>പാലക്കാട് - 12<br><br>കോഴിക്കോട് - 12<br><br>കണ്ണൂർ - 23<br><br>തൃശ്ശൂർ - 11<br><br>മലപ്പുറം - 14<br><br>വയനാട് - 2<br><br>കാസർഗോഡ് - 3<br><br>സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തി നായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം ആവശ്യമുള്ള സ്കൂളുകൾക്ക് ആയത് നിർമ്മിക്കുന്ന തിനായി ഫണ്ട് അനുവദിച്ചുവരുന്നു . വാടക കെട്ടിടത്തിൽ പ്രവർത്തി ക്കുന്ന ചില സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലപരിമിതി , സ്വന്തമായി സ്ഥലമില്ല എന്നീ കാര്യങ്ങൾ തടസ്സമായി കണ്ടെ ത്തിയിട്ടുണ്ട്. ആയത് പരിഹരിക്കു ന്നതിനായി 2019 -2020 ലെ സംസ്ഥാന ബഡ്ജറ്റ് ഖണ്ഡിക 104 പ്രകാരം സ്ഥലമില്ലാത്ത / സ്ഥല പരിമിതിയുള്ള സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതി പ്രഖ്യാപിച്ചി ട്ടുണ്ട്. ടി പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ